# പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 272 — 13.03.2017-ൽ മറുപടിയ്ക്ക്

## നവകേരളത്തിനായി ജനകീയാസൂത്രണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.ഐ.ബി. സതീഷ് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | നവകേരളത്തിനായി ജനകീയാസൂത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 13-ാം പദ്ധതി നവകേരളത്തിനായി ജനകീയാസൂത്രണ പദ്ധതിയായി ആരംഭിക്കുന്നതിന് , തീരുമാനിച്ചിട്ടുണ്ട്. പരിപാടിയുടെ ഉദ്ഘാടനം തൃശ്ശൂർ ജില്ലയിൽ ബഹു. മുഖ്യമന്ത്രി 21.01.2017 ൽ നിർവ്വഹിച്ചു. |
| (ബി) | വാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനും നടപടിക്രമങ്ങൾ ലളിതമാക്കാനും പദ്ധതി പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പു വരുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) & (സി) | എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തിരമായി രൂപീകരിച്ച് |

| | | |
|---|---|---|
| (സി) | ഉൽപ്പാദന മേഖല, നഗരാസൂത്രണം, വിവിധ തലത്തിലെ പദ്ധതികൾ തമ്മിലുള്ള ഏകോപനം, ബഹുതല ആസൂത്രണം, യുവജന പങ്കാളിത്തം എന്നീ മേഖലകൾക്ക് പ്രസ്തുത പദ്ധതി എത്രത്തോളം ഊന്നൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിർവ്വഹണ പ്രക്രിയയിലെ ജന പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണ സമിതിയെ സഹായിക്കുക എന്നതുമാണ് ഇതിന്റെ പ്രധാന ഉദ്ദേശം. ഉൽപ്പാദന മേഖല, നഗരാസൂത്രണം, വിവിധ തലത്തിലെ പദ്ധതികൾ തമ്മിലുള്ള ഏകോപനം, ബഹുതല ആസൂത്രണം, യുവജന പങ്കാളിത്തം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയായിരിക്കും നവകേരളത്തിനായി ജനകീയാസൂത്രണം പരിപാടി നടപ്പിലാക്കുക. വാർഷിക പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖ താമസിയാതെ പുറത്തിറങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ